Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കേളകം ഗ്രാമപഞ്ചായത്ത് -കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ഭേദഗതി ചട്ടം 3 (C) പ്രകാരം ക്രമവൽക്കരിച്ച് ഉത്തരവ് --പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്

സ.ഉ (സാധാ.) നം.3045/2014/തസ്വഭവ തീയതി, തിരുവനന്തപുരം 22/11/2014

---

പരാമർശം:- 1) കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡൻറിൻെറ10.7.13-ലെ നിവേദനം

2) കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.10.2013-ലെ ബി1/7098/2013 നമ്പർ കത്ത്.

3) 10.01.2014-ലെ **GO(MS) 10/14/**തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

4) ചീഫ് ടൗൺ പ്ളാനറുടെ 02.09.14-ലെ ഡി1-2420/14 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്ത് നിർമ്മിച്ച ഓഫീസ് കെട്ടിടം ക്രമവൽക്കരിച്ചു നൽകണമെന്ന് പരാമർശ (1) പ്രകാരം കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

കേളകം വില്ലേജിൽ സർവ്വേ നമ്പർ 518/2-ൽ ഉൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു മുകളിൽ നിലവിലുള്ള തറ വിസ്തീർണ്ണത്തിൽ 1-ാം നിലയുടെ നിർമ്മാണം നടത്തിയിട്ടുള്ളതായും മേൽ കെട്ടിട നിർമ്മാണത്തിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 35(2) (കവറേജ്,), 38(2) (പാർക്കിംഗ്), 38(4) ( ഇരുചക്ര വാഹന പാർക്കിംഗ് )56(2) (i) (മുൻവശത്തെ മുറ്റം), 56(2)(ii) (പാർശ്വാങ്കണം),56(2)( iii) (പിൻവശത്തെ മുറ്റം), 104(1) (3) (അവശർക്കുള്ള റാമ്പ്),104(4)(അവശർക്കുള്ള ടോയ്ലറ്റ്) 104(5) (അവശർക്കുള്ള പാർക്കിംഗ്), എന്നീ ചട്ടങ്ങളുടെ ലംഘന ങ്ങളുള്ള തായിട്ടുള്ള കണ്ണൂർ ജില്ലാ ടൗൺ പ്ളാനറുടെ റിപ്പോർട്ട് പരാമർശം (4) പ്രകാരം ചീഫ് ടൗൺ പ്ളാനർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

പരാമർശം മൂന്നു പ്രകാരം 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്-ൻെറ ഭേദഗതിയിലെ ചട്ടം 3 (സി) പ്രകാരം പൊതു ആവശ്യ ത്തിനായി സർക്കാരോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, സർക്കാർ സ്ഥാപന

ങ്ങളോ നിർമ്മിച്ച നിർമ്മാണങ്ങൾക്ക് ചീഫ് ടൗൺ പ്ലാനറുമായി കൂടി ആലോചിച്ച് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥയുടെ വെളിച്ചത്തിൽ സർക്കാർ ഫണ്ടുപയോഗിച്ച് നിർമ്മിച്ച തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടം ക്രമവൽക്കരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുകയുണ്ടായി. പരാമർശ കെട്ടിട നിർമ്മാണത്തിലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 104(1), (3),104 (4),104 (5) എന്നീ ലംഘനങ്ങൾ പരിഹരിക്കാവുന്നതായി കാണുന്നു.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് -ൻെറ പരാമർശം മൂന്നു പ്രകാരമുള്ള ഭേദഗതിയിലെ ചട്ടം 3 (സി) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പൊതു ആവശ്യത്തിനായി സർക്കാർ ഫണ്ട് ഉപയോഗിച്ച് നിലവിലെ ഓഫീസ് കെട്ടിടത്തിനു മുകളിൽ നിർമ്മിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിടം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 104(1)(3), 104 (4), 104(5) എന്നിവയുടെ ലംഘനങ്ങൾ പരിഹരിക്കണമെന്ന വ്യവസ്ഥയോടെ കണ്ണൂർ ജില്ലാ ടൗൺ പ്ലാനർ ചൂണ്ടിക്കാണിച്ച മറ്റ് ചട്ട ലംഘനങ്ങളിൽ ഇളവ് നൽകി പരാമർശ ഓഫീസ് കെട്ടിടം ക്രമവൽക്കരിച്ചു നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേളകം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബി.മധു
ജോയിൻറ് സെക്രട്ടറി

1) സെക്രട്ടറി, കേളകം ഗ്രാമ പഞ്ചായത്ത്, കേളകം പി. ഒ
കണ്ണൂർ പിൻ -670674
2) ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
3) ജില്ലാ ടൗൺ പ്ലാനർ, കണ്ണൂർ
4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, പാങ്ങപ്പാറ
തിരുവനന്തപുരം
5) കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ